"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് – കോഴിക്കോട് ദേശീയപാത വിഭാഗത്തിന്റെ അധികാരപരിധിയിലുള്ള പഴയ മൊയ്തു പാലത്തിൽ 'ഖലീഫ' എന്ന മലയാള ചലച്ചിത്രത്തിന്റെ ചിത്രീകരണത്തിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.566/2026/PWD തിരുവനന്തപുരം,തീയതി, 16-05-2026

---

പരാമർശം:- 1. 2015-ലെ കേരള ഗസറ്റ് അസാധാരണ വിജ്ഞാപനം S.R.O. No. 346/2015

2. ദേശീയപാത വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ 14.05.2026-ലെ CEPWD/9290/2026-DB5(W)-NH നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുമരാമത്ത് ദേശീയപാതവിഭാഗത്തിന്റെ അധികാരപരിധിയിലുള്ള മൊയ്തു പാലത്തിൽ 'ഖലീഫ' എന്ന മലയാള ചലച്ചിത്രത്തിന്റെ ചിത്രീകരണത്തിന് അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് കീഴിലുള്ള പഴയ മൊയ്തു പാലത്തിൽ ‘ ഖലീഫ' എന്ന മലയാള ചലച്ചിത്രത്തിന്റെ ചിത്രീകരണം നടത്തുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

I. പാലത്തിന്റെ നിലവിലുള്ള ഘടനയ്ക്കോ പൈതൃക സ്വഭാവത്തിനോ യാതൊരു വിധത്തിലുള്ള കേടുപാടുകളോ മാറ്റങ്ങളോ സംഭവിക്കരുത്.

II. ആവശ്യമായ എല്ലാ സുരക്ഷാ മുൻകരുതലുകളും ചിത്രീകരണ കമ്പനി കർശനമായി പാലിക്കണം.

III. പാലത്തിന്റെ അപകടാവസ്ഥയിലുള്ള ഭാഗങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തണം.

IV. ചിത്രീകരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങൾക്കും നഷ്ടങ്ങൾക്കും അധിക പ്രവൃത്തികൾക്കും പൊതുമരാമത്ത് വകുപ്പ് ഉത്തരവാദിയായിരിക്കില്ല.

V. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ/ദേശീയപാത വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമേ പ്രവർത്തനങ്ങൾ നടത്താവൂ.

3. പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള പൊതുസ്ഥലങ്ങളിൽ ഫിലിം ഷൂട്ടിംഗിനുള്ള അനുമതിക്ക് നിലവിലുള്ള വിജ്ഞാപനത്തിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഫീസ് അടവാക്കിയിട്ടുണ്ട് എന്നത് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര ജി എസ്

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കോഴിക്കോട്

ജില്ലാകളക്ടർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by

Aneesh S

Date: 16-05-2026 11:55:49

സെക്ഷൻ ഓഫീസർ